അഡീഷണൽ ചീഫ് സെക്രട്ടറിക്കെതിരെയുള്ള അച്ചടക്ക നടപടി

12 (4345) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊക്കോകോളയ്ക്ക് അനുകൂല പ്രസ്താവന നടത്തിയ വ്യവസായ വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടായിരുന്നുവോ ;

(ബി) ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ തീരുമാനിച്ചത് ?

ഉത്തരം

(എ & ബി) കൊക്കകോള വിഷയം സംബന്ധിച്ച് വ്യവസായ വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി നടത്തിയ വിവാദ പ്രസംഗം ചീഫ് സെക്രട്ടറി പരിശോധിച്ചു. പ്രസംഗം അനുചിതവും ഒഴിവാക്കേണ്ടതുമാണെന്നും വിലയിരുത്തി. ഇത്തരം വിവാദ സാധ്യതയുള്ള പ്രസ്താവനകൾ ഒഴിവാക്കാൻ ശ്രദ്ധിക്കണമെന്ന് ഈ ഉദ്യോഗസ്ഥനെ അറിയിച്ചു.

ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ നൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ

13 (4346) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ഏതൊക്കെ തസ്തികകളിൽ മ്യൂച്ചൽ ട്രാൻസ്ഫറും ഇന്റർ ഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫറും അനുവദിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) പി. എസ്. സി. ലിസ്റ്റ് നിലനിൽക്കുന്ന തസ്തികകളിൽ ഇന്റർ ഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫർ അനുവദിക്കാറുണ്ടോ ;

(സി) ഇന്റർ ഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫർ നൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം ;

(ഡി) ഇതിലേക്ക് ഏതെങ്കിലും ഒഴിവുകൾ ഇയർ മാർക്ക് ചെയ്യാറുണ്ടോ ;

(ഇ) പി.എസ്.സി. യിൽ അസിസ്റ്റന്റുമാരുടെ ലിസ്റ്റ് നിലനിൽക്കുമ്പോൾ പ്രസ്തുത ലിസ്റ്റിൽ നിന്ന് നിയമനം ലഭിച്ചവർ തമ്മിൽ മ്യൂച്ചൽ ട്രാൻസ്ഫർ അനുവദിക്കാറുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇല്ലെങ്കിൽ അതിന്റെ കാരണം എന്ത് ;

(ജി) ഈ വർഷം സെക്രട്ടേറിയറ്റ് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിൽ മ്യൂച്ചൽ ട്രാൻസ്ഫറിനായി എത്ര അപേക്ഷ ലഭിച്ചിട്ടുണ്ട് ;

(എച്ച്) അതിൽ എത്ര അപേക്ഷകൾ അനുവദിച്ചിട്ടുണ്ട് ;

(ഐ) ഇനി എത്ര അപേക്ഷകൾ നിലവിലുണ്ട് ;

(ജെ) ഇന്റർ ഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫറിനുള്ള അപേക്ഷകൾ വേക്കൻസിയില്ലാത്ത കാരണത്താൽ നിലനിൽക്കുമ്പോൾ മ്യൂച്ചൽ ട്രാൻസ്ഫറിനുള്ള അപേക്ഷ അനുവദിക്കാറുണ്ടോ ;

(കെ) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ - കെ) വിവരം ശേഖരിച്ചു വരുന്നു.

2008-2009-ൽ വിവിധ പദ്ധതികൾക്കായി വിനിയോഗിച്ച തുകയിൽ സി ആന്റ് എ.ജി. കണ്ടെത്തിയ ക്രമക്കേടുകൾ

14 (4347) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2008-09-ൽ സംസ്ഥാനത്ത് ഗ്രാന്റ് ഉൾപ്പെടെ വിവിധ പദ്ധതികൾക്കായി മൊത്തം വകയിരുത്തിയ തുക എത്ര ;

(ബി) ഇതിൽ നിന്ന് വിനിയോഗിച്ചെന്ന് സി.& എ.ജി. കണ്ടെത്തിയ തുക എത്ര ;

(സി) ധനവിനിയോഗവുമായി ബന്ധപ്പെട്ട് പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് സി.&എ.ജി. കണ്ടെത്തിയ കേസുകൾ എത്ര ; എത്ര കോടി രൂപയുടെ ക്രമക്കേടുകൾ പ്രസ്തുത ഇനത്തിൽ നടന്നതായാണ് റിപ്പോർട്ട് ;

(ഡി) ഇത്തരം കേസുകളിൽ വകുപ്പുതല അന്വേഷണം ഊർജ്ജിതമാക്കാനും ദുർവിനിയോഗം തടയാൻ അനന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്താനും സി.&എ.ജി. ശുപാർശ ചെയ്തിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ കൈക്കൊണ്ടു ; ഭാവിയിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 8641.14 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly